**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

---

| | |
|---|---|
| വിഷയം:- | ആവഡ- ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യുണൽ മുൻപാകെ ഡോ. ലക്ഷ്മി.എൽ ഫയൽ ചെയ്ത OA(EKM) 782/2025 നമ്പർ കേസ്- നിലവിലെ സ്റ്റേഷനിൽ നിലനിർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു |

| | | |
|---|---|---|
| പരാമർശം:- | 1 | ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 27/05/2025 ലെ DHS/9462/2025-EB3 നമ്പർ ഉത്തരവ് |
| | 2 | ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യുണലിന്റെ 02/06/2025 ലെ ഉത്തരവ് |
| | 3 | സ.ഉ(സാധാ)നം.2240/2025/H&FWD തീയതി.7/8/2025 |
| | 4 | മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ 18/8/2025 ലെ DMOH-MLPM/7831/2025-A1 നമ്പർ കത്ത് |

**ഉത്തരവ് നം: DHS/15086/2025-EB3 തീയതി: 23-08-2025**

---

പൊന്നാനി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റായ ഡോ. ലക്ഷ്മി. എൽ - യെ 2025 ലെ പൊതു സ്ഥലംമാറ്റത്തോടനുബന്ധിച്ച് വടക്കാൻചേരി ജില്ലാ ആശുപത്രയിലേക്ക് പരാമർശം (1) പ്രകാരം സ്ഥലംമാറ്റിയിട്ടുള്ളതാണ്. മേൽ സ്ഥലംമാറ്റത്തി നെതിരെ ഡോ. ലക്ഷ്മി.എൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യുണൽ മുൻപാകെ OA(EKM) 782/2025 നമ്പർ കേസ് ഫയൽ ചെയ്തതിനെ തുടർന്ന് 2025 ലെ അന്തിമ പൊതു സ്ഥലംമാറ്റ പട്ടികയ്ക്കെതിരെ സർക്കാരിൽ സമർപ്പിച്ച നിവേദനത്തിൻമേൽ (Annexure-A9 ) ഒരു മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്നും അതുവരെ വിടുതൽ ചെയ്യരുതെന്നും ബഹു. ട്രിബ്യൂണൽ പരാമർശം (2) പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്.

ഡോ. ലക്ഷ്മി.എൽ-ന്റെ ആരോഗ്യപരമായ കാരണങ്ങൾ പരിഗണിച്ച് പൊന്നാനി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ടി മെഡിക്കൽ

ഓഫീസറുടെ സേവനം തൃപ്തികരമാണെങ്കിൽ അത് പരിശോധിച്ച് പൊന്നാനി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലനിറുത്തുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകികൊണ്ട് സർക്കാർ പരാമർശം (3) പ്രകാരം അനുവർത്തന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഡോ. ലക്ഷ്മി എൽ- നെ ടി ആശുപത്രിയിൽ നിലനിറുത്തുന്നതിൽ ആക്ഷേപമില്ലന്ന് പരാമർശം (3) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റായ ഡോ. ലക്ഷ്മി.എൽ -നെ പൊന്നാനി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലനിർത്തി ഉത്തരവാകുന്നു.

Signed by
Reena K J
Date: 23-08-2025 23:00:19

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

ഡോ. ലക്ഷ്മി.എൽ,
ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ്,
താലൂക്ക് ആസ്ഥാന ആശുപത്രി,
പൊന്നാനി

പകർപ്പ്:-

1) അഡിഷണൽ ചീഫ് സെക്രട്ടറി,
ആരോഗ്യ കുടുമബ ക്ഷേമ വകുപ്പ്
സെക്രട്ടറിയേറ്റ്,തിരുവനനന്തപുരം(ആമുഖ കത്ത് സഹിതം)
2.) ജില്ലാ മെഡിക്കൽ ഓഫീസർ, മലപ്പുറം